**D4BML2201** **(Pages 2)** **Reg. No:......................**

**Name: .........................**

**FOURTH SEMESTER BA / B. Sc. DEGREE EXAMINATION, APRIL 2024**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL4A08T: മലയാള സാഹിത്യം 4**

**Time: 2 ½ Hours.** **Maximum Marks: 80**

## ഭാഗം I: രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. ഓരോന്നിനും 2 മാർക്ക് വീതം. (പരമാവധി 25 മാർക്ക്)

1. ത്യാഗി ഇന്റർ കോളേജിന്റെ അതിരുകൾ ഏവ ?
2. 'വിലാസലഹരി' ഏത് കൃതിയുടെ പരിഭാഷയാണ് ? രചിച്ചത് ആര്?
3. 'അബ്ദു' എന്ന പദത്തിന്റെ അർത്ഥം എന്ത് ?
4. സൗന്ദര്യാത്മകവിദ്യാഭ്യാസത്തിന്റെ ഭാഗമായി മെഡിക്കൽ – എൻജിനീയറിങ് കോഴ്സുകളിൽ ഉൾപ്പെടുത്തുവാൻ പി. പവിത്രൻ നിർദ്ദേശിക്കുന്ന കൃതികൾ ഏവ ?
5. പ്രശസ്തനായ ആർ. ഇ. ആഷറും കൂട്ടുകാരും ചേർന്ന് വിവർത്തനം നിർവഹിച്ച മൂന്ന് ബഷീർ കൃതികൾ ഏവ ?
6. ആശയവിനിമയത്തിലെ ഘടകങ്ങൾ ഏവ ?
7. നന്ദനാർ രചിച്ച മൂന്ന് നോവലുകളുടെ പേരെഴുതുക.
8. റൂമിയുടെ ആത്മീയ ഈരടികൾ അടങ്ങിയ രണ്ടു കൃതികളെ പരിചയപ്പെടുത്തുക.
9. ആസ്തികന്മാരും നാസ്തികന്മാരും ഒരുപോലെ അനുസരിക്കുന്ന ദൈവശാസനം എന്ന് എം. ഗോവിന്ദൻ അഭിപ്രായപ്പെടുന്നത് എന്ത് ?
10. മനോഭാഷാവിജ്ഞാനത്തിന്റെ പഠനലക്ഷ്യം എന്ത് ?
11. സാമ്പ്രദായികമായ പേര് വിളികൾ സാധാരണയായി എന്തിന്റെ സൂചകമാണ് ?
12. എന്താണ് കപടനാട്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ?
13. ഏകാന്തധ്യാനത്തിന് വിരാമമിട്ടുകൊണ്ട് വീണ്ടും മനുഷ്യർക്കിടയിലേക്ക് നാണുസ്വാമി തിരിച്ചെത്തിയതിനുള്ള കാരണമായി എം. കെ. സാനു നിരീക്ഷിക്കുന്നതെന്ത് ?
14. 'അനന്തമായ നീലാകാശത്തിനെതിരെ മായികപ്രഭാവത്തോടെ ഉയർന്നുനിൽക്കുന്ന ഗിരിശൃംഗത്തെപ്പോലെയാണ് അതിന്റെ അവസ്ഥ' സൂചിതം എന്ത്?
15. ഫൂൽസിംഗ് ത്യാഗിക്ക് കോളേജിൽ ഉണ്ടായിരുന്ന ചുമതലകൾ ഏവ?

**(തുടർച്ച ... 2)**

## ഭാഗം II: രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. (പരമാവധി 35 മാർക്ക് )

16. ആശയവിനിമയം എന്നാലെന്ത് ?
17. നാണുസ്വാമിയെ ജീവിതപ്രശ്നങ്ങളെക്കുറിച്ചും അവയുടെ പരിഹാരങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തിയ പച്ചയായ അനുഭവങ്ങൾ ഏവ ?
18. ഭക്ഷണത്തിന്റെ കാര്യത്തിലുള്ള ജനാധിപത്യധ്വംസനം എപ്രകാരമാണ് സംഭവിക്കുന്നതെന്ന് ഉദാഹരണ സഹിതം വിശദമാക്കുക.
19. ചെറുക്കൻ, പെണ്ണ് എന്നീ പ്രയോഗങ്ങളുടെ ഭാവരുചിയോ ഇവ രൂപപ്പെടുത്തിയ ഭാഷയുടെ ലയമോ ബാല്യകാലസഖിയുടെ വിവർത്തനത്തിൽ കാണാൻ സാധിക്കില്ല എന്ന് കെ. പി. ശങ്കരൻ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട് ?
20. ഗോപി എന്ന കഥാപാത്രത്തിന്റെ വ്യക്തിത്വം വിശദമാക്കുക.
21. 'എന്നിട്ടും മനുഷ്യൻ ധിക്കരിച്ചു – ദൈവത്തെ; കനകം മൂലമല്ല, കാമിനി മൂലവുമല്ല' ലേഖകൻ അർത്ഥമാക്കുന്നതെന്ത് ? വിശദമാക്കുക.
22. വിവർത്തകരുടെ മനസ്സിൽ അവർക്കു തന്നെ അറിയാൻ കഴിയാത്ത മട്ടിൽ അടിമത്തം കുടികൊള്ളുന്നുവെന്ന് സി. വി. വാസുദേവഭട്ടതിരി അഭിപ്രായപ്പെടുന്നതെന്തുകൊണ്ട് ?
23. 'നീ സൂചനകൾക്കതീതനായി.<br>പിന്നെ നീ സൂര്യനായി' ആശയം വിശദമാക്കുക.

## ഭാഗം III: ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം.

24. വിവർത്തനത്തിലെ നഷ്ടങ്ങളെ കെ. പി. ശങ്കരൻ വിശദമാക്കുന്നതെങ്ങിനെ?
25. റൂമിയുടെ കവിതകളുടെ പ്രമേയപരിസരത്തെ 'വ്യാജസൂചനകൾ' എന്ന കൃതിയെ മുൻനിർത്തി വിശദമാക്കുക.
26. 'നാമം' ഒരാളുടെ വ്യക്തിത്വത്തിൽ സ്വാധീനം ചെലുത്തുന്നത് എപ്രകാരമാണ് ?
27. മനുഷ്യനെ ആഴത്തിൽ വേട്ടയാടുന്ന വിശപ്പിനെ നന്ദനാർ തന്റെ നോവലിൽ അവതരിപ്പിക്കുന്നത് എപ്രകാരമാണെന്ന് വിലയിരുത്തുക.

**(2 x 10 = 20 മാർക്ക് )**